സംസ്ഥാന വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി നികത്താനായി 756 കോടി രൂപയും ടി.പി. അക്കൗണ്ട് നിർത്തലാക്കിയതുപ്രകാരമുള്ള അഡ്ജസ്റ്റ്മെന്റിനായി 300 കോടി രൂപയും അസറ്റ് റിന്യൂവൽ ഫണ്ട് രൂപീകരിക്കുന്നതിനായി 130 കോടി രൂപയും വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടനയ്ക്കായി 209 കോടി രൂപയും വിവിധ വകുപ്പുകളുടെ ഭരണ നവീകരണ പ്രവർത്തനങ്ങൾക്കായി 217.28 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

## സർക്കാരിന്റെ കടബാദ്ധ്യത

8 [465] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ യു.ഡി.എഫ്. മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുന്നുവെന്ന് അറിയിക്കാമോ ;

(ബി) 2001-2002 മുതൽ 2005-2006 വരെ ഓരോ വർഷവും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക വീതം കടം അധികമായി വാങ്ങിയിട്ടുണ്ടെന്നും ഇപ്പോൾ സർക്കാരിന്റെ മൊത്തം കടം എത്രയാണെന്നും അറിയിക്കാമോ ;

(സി) ഈ കാലയളവിൽ പലിശ, മുതൽ ഇനങ്ങളിലായി എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) 1-4-2001-ൽ സംസ്ഥാന സർക്കാരിന്റെ പൊതുകടം 23919 കോടി രൂപ ആയിരുന്നു.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ഇതുൾപ്പെടെ 31-12-2005 വരെ സംസ്ഥാനത്തിന്റെ പൊതുകടം 44350 കോടി രൂപയാണ്. 2001-2002 മുതൽ 2005-2006 വരെ ഓരോ ഇനങ്ങളിലായി സർക്കാർ വാങ്ങിയിട്ടുള്ള വായ്പ താഴെ കാണും പ്രകാരമാണ്.

(തുക കോടിയിൽ)

| ഇനം | 2001-2002 | 2002-2003 | 2003-2004 | 2004-2005 | 2005-2006 (31-12-2005 വരെ) |
|---|---|---|---|---|---|
| 1. ആഭ്യന്തര വായ്പ | 7849.70 | 10518.16 | 14120.87 | 14442.36 | 9951.15 |
| 2. കേന്ദ്ര സർക്കാർ വായ്പ | 780.69 | 1192.86 | 968.17 | 1482.11 | 542.72 |
| 3. സ്മോൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മുതലായവ | 7186.46 | 9833.86 | 8773.13 | 7896.44 | 5316.90 |



LIBRARY ARCHIVES Kerala Legislative Assembly

(സി) 2001-2002 മുതൽ 2005-2006 വരെയുള്ള കാലയളവിൽ തിരിച്ചടച്ചിട്ടുള്ള പലിശയുടെയും മുതലിന്റെയും കണക്കുകൾ താഴെ കാണും പ്രകാരം ആണ്.

(തുക കോടിയിൽ)

| വർഷം | പലിശ | മുതൽ |
|---|---|---|
| 2001-02 | 2489.47 | 12785.26 |
| 2002-03 | 2946.77 | 17435.28 |
| 2003-04 | 3328.30 | 17470.21 |
| 2004-05 | 3612.54 | 19395.26 |
| 2005-06 (31-12-2005 വരെ) | 2353.43 | 13338.77 |

യു.ഡി.എഫ്. സർക്കാർ കടമെടുത്ത തുക

9 [466] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2006 ജനുവരി 15 വരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് എന്ത് തുക വീതം കടമെടുത്തു എന്നും അവ ഓരോന്നും ഏത് കാലയളവ് മുതലാണ് തിരിച്ചടയ്ക്കേണ്ടതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

2001-02 ധനകാര്യ വർഷം മുതൽ 2003-04 ധനകാര്യ വർഷം വരെയുള്ള അക്കൗണ്ടന്റ് ജനറൽ നൽകിയ അവസാന കണക്ക് പ്രകാരവും 2004-05, 2005-06 (2006 ഡിസംബർ 31 വരെ) എന്നീ വർഷങ്ങളിലെ താത്ക്കാലിക കണക്കിന്റെയും അടിസ്ഥാനത്തിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത വായ്പയുടെ വിവരം ഇപ്രകാരം ആണ്.

| സ്ഥാപനം | തുക (രൂപ കോടിയിൽ) |
|---|---|
| എൽ.ഐ.സി. | 2131.58 |
| ജി.ഐ.സി. | 185.9 |
| എൻ.സി.ഡി.സി. | 293.49 |
| നബാർഡ് | 543.39 |
| എ.ഡി.ബി. | 1036.50 |

എൽ.ഐ.സി., ജി.ഐ.സി., എൻ.സി.ഡി.സി. എന്നീ സ്ഥാപനങ്ങളുടെ തിരിച്ചടവ് ആരംഭിക്കുന്നത് വായ്പ ലഭ്യമായതിന്റെ തൊട്ടടുത്ത വർഷം മുതൽക്കാണ്. നബാർഡിൽ നിന്നും ലഭിക്കുന്ന ഓരോ വായ്പയുടേയും തിരിച്ചടവ് ഓരോ വായ്പയും ലഭിച്ച് രണ്ട് വർഷത്തിനുശേഷം ആരംഭിക്കും. അധിക കേന്ദ്ര സഹായത്തിലുൾപ്പെടുത്തി ലഭിക്കുന്ന എ.ഡി.ബി. വായ്പകളുടെ തിരിച്ചടവും അധിക കേന്ദ്ര സഹായം തിരിച്ചടയ്ക്കുന്ന രീതിയിൽ തന്നെയാണ്.

LIBRARY ARCHIVES Kerala Legislative Assembly